പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *288 — 21.12.2012 ൽ മറുപടിയ്ക്ക്

## വളത്തിന്റെ വില വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വളത്തിന്റെ വിലയിൽ തുടരെ ഉണ്ടാകുന്ന വർദ്ധനവ് സംസ്ഥാനത്തിന്റെ കാർഷികോല്പാദനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) വിലയിരുത്തിയിട്ടുണ്ട് |
| (ബി) കാർഷികോത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്ത സാഹചര്യം നിലനിൽക്കെ ഉല്പാദന ചെലവ് വർദ്ധിക്കുന്നത് കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (ബി) ഉണ്ട് |
| (സി) കൃഷിക്കാർക്ക് കുറഞ്ഞ വിലയ്ക്ക് വളം ലഭ്യമാക്കാൻ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) വളത്തിന്റെ വില വർദ്ധിച്ച സാഹചര്യത്തിൽ നെല്ല്, പച്ചക്കറി, വാഴ തുടങ്ങിയ വിളകൾക്ക് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ രാസവളം ഉൾപ്പെടെയുള്ള ഉപാധികൾക്ക് സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ട്. അതായത് നെല്ലിന് രാസവളം ഉൾപ്പെടെയുള്ള ഉല്പാദന ഉപാധികൾക്കായി ഹെക്ടറിന് സുസ്ഥിരനെൽകൃഷി പദ്ധതിപ്രകാരം 4000/- രൂപയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 3000/- രൂപയും കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് പദ്ധതിപ്രകാരം തെങ്ങിന് 17500/- രൂപയും പച്ചക്കറിക്ക് നിലവിലുള്ള ക്ലസ്റ്ററിന് 15000/- രൂപയും പുതിയ ക്ലസ്റ്ററിന് 22500 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ രാസവളങ്ങളുടെ വിലകുറയ്ക്കുന്നതിനാവശ്യമായ നടപടി |

സ്വീകരിക്കണമെന്നും വിലനിർണ്ണയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ തന്നെ നിക്ഷിപ്തമാക്കണമെന്നും കേരള നിയമസഭ 22.6.2012 ൽ പാസ്സാക്കിയ ഒരു പ്രമേയത്തിലൂടെ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) പരിഹാര നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി പ്രതിമാസ അവലോകന യോഗങ്ങളിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് ജില്ലാ കൃഷി ഉദ്യോഗസ്ഥരുമായി നടത്തുന്ന ദ്വൈവാര വീഡിയോ കോൺഫറൻസിൽ ജില്ലകളിലെ രാസവള ലഭ്യത സംബന്ധിച്ച വിവരങ്ങൾ വിലയിരുത്തുകയും ദൗർലഭ്യം അനുഭവപ്പെടുന്ന ജില്ലകളിൽ രാസവളം എത്തിക്കുവാൻ കമ്പനികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ ഓൺലൈൻ ഫെർട്ടിലൈസർ മോണിട്ടറിങ് സിസ്റ്റം പ്രകാരം സംസ്ഥാനത്തെ രാസവള ലഭ്യത വിലയിരുത്തുകയും കേന്ദ്ര സർക്കാർ നടത്തുന്ന പ്രതിവാര വീഡിയോ കോൺഫറൻസിൽ സംസ്ഥാനത്തെ രാസവള ദൗർലഭ്യം അറിയിക്കുകയും അതനുസരിച്ച് കേന്ദ്രസർക്കാർ ആവശ്യമായ വളം ലഭ്യമാക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ